പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3559 08.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ ഡീസൽ വാങ്ങുന്നതിലെ ക്രമക്കേട്

ചോദ്യം

ശ്രീ.കെ.ജെ. മാക്സി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയ്ക്ക് പ്രതിദിനം എത്ര തുകയുടെ ഡീസൽ ആവശ്യമുണ്ട്; ആയതിന് എത്ര കോടി രൂപയാണ് എണ്ണ കമ്പനികൾക്ക് നൽകി വരുന്നത്; വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ പ്രതിദിനം ശരാശരി 430 കിലോ ലിറ്റർ ഡീസൽ ഉപയോഗിക്കുന്നു. ഇതിന് പ്രതിദിനം 2.90 കോടി രൂപ എണ്ണ കമ്പനികൾക്ക് നൽകിവരുന്നു. |
| (ബി) | ഏതെല്ലാം കമ്പനികളിൽ നിന്നാണ് നിലവിൽ ഡീസൽ വാങ്ങുന്നത്; പ്രസ്തുത കമ്പനികൾ എത്ര തുകയ്ക്കാണ് ഡീസൽ നൽകുന്നതെന്നും, ആയതിന് പൊതുവില എത്രയാണ് ഈടാക്കുന്നതെന്നും, പ്രസ്തുത കമ്പനികൾക്ക് കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നുമാണ് ഡീസൽ വാങ്ങിവരുന്നത്. 2013-ൽ ഡീസൽ പ്രൈസ് വേരിയേഷൻ വന്നയിനത്തിൽ നിലവിൽ 54.40 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. കൂടാതെ ഓയിൽ കമ്പനികളും കെ.എസ്.ആർ.ടി.സി.യുമായുള്ള കരാർ പ്രകാരം അനുവദനീയമായ 135 കോടി രൂപയുടെ ക്രെഡിറ്റും നിലനിൽക്കുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. എണ്ണ കമ്പനികളിൽ നിന്നും മുൻ വർഷങ്ങളിൽ ഡീസൽ വാങ്ങുന്നത് ടെൻഡർ | (സി) | സർക്കാർ അംഗീകൃത വാങ്ങൽ നയമനുസരിച്ച് പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നും വിലപേശൽ നടത്തി കരാറിൽ |

| | | | |
|---|---|---|---|
| | വഴിയാണോ അതോ ചർച്ചകളിലൂടെയാണോ എന്നറിയിക്കാമോ; ചർച്ചകളിലൂടെ വാങ്ങിയതിൽ വേണ്ടുന്ന ഇളവ് ലഭ്യമായോ; ഇല്ലെങ്കിൽ അക്കാലയളവിലെ വാങ്ങൽ സംബന്ധിച്ച് വിശദമായ പരിശോധന നടത്താനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | | ഏർപ്പെട്ടാണ് വാങ്ങൽ പ്രക്രിയ നടത്തി വരുന്നത്. ഡീസൽ വിലയിലുള്ള കിഴിവിന് പകരമായി മുൻ വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ഓയിൽ കമ്പനികൾ ലഭ്യമാക്കികൊണ്ടിരുന്ന ക്രെഡിറ്റ് പരിധി ഉയർത്തി വാങ്ങിയിട്ടുണ്ട്. കൂടാതെ 300 രൂപ ഒരു കിലോ ലിറ്ററിന് എന്ന നിലയിൽ കിഴിവും ലഭ്യമാക്കിയിരുന്നു. |
| (ഡി) | നിലവിൽ സർക്കാർ ടെണ്ടർ വഴിയാണോ അതോ ചർച്ച വഴിയാണോ ഡീസൽ വാങ്ങാൻ നടപടി സ്വീകരിച്ചു വരുന്നത്; വിശദാംശം നൽകുമോ; | (ഡി) | പോലീസ്, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി തുടങ്ങി സർക്കാരിലും സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും എണ്ണ കമ്പനികളിൽ നിന്ന് വിലപേശൽ നടത്തി കരാറിൽ ഏർപ്പെട്ടാണ് വാങ്ങൽ പ്രക്രിയ നടത്തി വരുന്നത്. മേൽ പ്രക്രിയയിലൂടെ തന്നെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നിലവിൽ കിലോ ലിറ്ററിന് 1,700/- രൂപ കിഴിവും 45 ദിവസത്തെ ക്രെഡിറ്റും 10.01.2019 മുതൽ ലഭ്യമാകുന്നുണ്ട്. ഇത് 30 ദിവസത്തെ ക്രെഡിറ്റ് ആയി കുറയുകയാണെങ്കിൽ 1975 രൂപയായി കിഴിവ് വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ നിരക്ക് കർണ്ണാടക ആർ.ടി.സി.യിൽ തത്സമയം ടെണ്ടർ മുഖാന്തിരം ലഭ്യമായ ഏറ്റവും മികച്ച ഓഫറിന് തുല്യമാണ് (1975 രൂപ കിഴിവും 30 ദിവസ കെഡ്രിറ്റും). പ്രതിദിനം ഏതാണ്ട് 2200 കിലോ ലിറ്റർ ഉപയോഗമുള്ള |

| | | | |
|---|---|---|---|
| | | | കർണ്ണാടക RTC യിലെ 1975 രൂപയും 30 ദിവസം ക്രെഡിറ്റും എന്നത് പ്രതിദിനം 430 കിലോലിറ്റർ മാത്രം ഉപയോഗമുള്ള കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിക്കുന്നത് മെച്ചപ്പെട്ട ഓഫറാണ്. തുടർന്ന് കർണ്ണാടക ആർ.റ്റി.സി.യിലെ പുതിയ ടെണ്ടറിൽ ഡിസ്കൗണ്ട് വർദ്ധിച്ചതനുസരിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി മെച്ചപ്പെട്ട ഓഫറിനായി ചർച്ചകൾ പുരോഗതിയിലാണ്. |
| (ഇ) | നിലവിൽ ഒരു ലിറ്റർ ഡീസൽ വിലയിൽ എത്ര ശതമാനമാണ് കെ.എസ്.ആർ.ടി.സിയിൽ നിന്ന് നികുതിയിനത്തിൽ സർക്കാർ ഈടാക്കുന്നത്; പ്രസ്തുത നികുതിയിൽ കുറവുവരുത്തി കെ.എസ്.ആർ.ടി.സിയെ സേവന മേഖലയിൽ നില നിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ഒരു ലിറ്റർ ഡീസൽ വിലയിൽ സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.<br>1. 22.76% വാണിജ്യ നികുതി,<br>2. ഒരു കിലോ ലിറ്ററിന് 1,000 രൂപ അധിക നികുതി അതായത് ലിറ്ററിന് ഒരു രൂപ,<br>3. ഇതുകൂടാതെ 1% സെസ്സ്.<br><br>കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസലിന്റെ നികുതി കുറവ് ചെയ്യുന്നതിന് 2020-21 ലെ പദ്ധതി നിർദ്ദേശങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തി സമർപ്പിക്കുന്നതാണെന്ന് കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**